"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് സർക്കാർ ആശുപത്രികളിലെ നഴ്സുമാരുമായി ശമ്പള തുല്യത അനുവദിക്കണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.897/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 21/04/2021

പരാമർശം:- 1 ബഹു. കേരള ഹൈക്കോടതിയുടെ 30.9.2020 ലെ WP(C) 20478/2020 നം. വിധിന്യായം

2 ശ്രീമതി. സിനിമോൾ. എ.റ്റി സമർപ്പിച്ച 10.10.2020 ലെ നിവേദനം

3 സ.ഉ.(സാധാ)നം.553/2019/തസ്വഭ തീയതി 07.03.2019

4 സ.ഉ.(സാധാ)നം.2094/2020/തസ്വഭ തീയതി 06.011.2020

5 പഞ്ചായത്ത് ഡയറക്ടറുടെ 14.3.2021 ലെ PAN/3233/2021- J6(DP)നം. കത്ത്

<u>ഉത്തരവ്</u>

1. ആലുവ മുൻസിപ്പാലിറ്റി പാലിയേറ്റീവ് കെയർ പ്രൊജക്ട് മാനേജ്മെന്റ് കമ്മിറ്റിയിൽ കമ്മ്യൂണിറ്റി നഴ്സായ ശ്രീമതി. സിനിമോൾ. എ.റ്റി ഫയൽ ചെയ്തിരുന്ന WP(C) 20478/2020 നം. ഹർജിയിൽ പരാമർ ശം (1) പ്രകാരം ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ താഴെ പറയും പ്രകാരം ഉത്തരവായിരുന്നു.

" .......... I order this writ petition and direct the competent Secretary of the 1st respondent to take up Ext.P5 representation of the petitioner and to dispose of the same, after affording an opportunity of being heard to her - either physically or through video conferencing - thus culminating in an appropriate order thereon, as expeditiously as is possible, but not later than three months from the date of the receipt of a copy of the judgment."

2. ശ്രീമതി. സിനിമോൾ. എ.റ്റി സർക്കാരിൽ സമർപ്പിച്ചിരുന്ന 23.03.2020 ലെ നിവേദനമാണ് എക്സിബിറ്റ് പി5 . പരാതിക്കാരി 2013 മുതൽ ആലുവ മുൻസിപ്പാലിറ്റി പാലിയേറ്റീവ് കെയർ പ്രൊജക്ട് മാനേജ്മെന്റ് കമ്മിറ്റിയിൽ കമ്മ്യൂണിറ്റി നഴ്സാണെന്നും ടിയാൾക്ക് 15000/- രൂപയാണ് ഓണറേറിയം ലഭിക്കുന്നതെന്നും സർക്കാർ ആശുപത്രിയിലെ നഴ്സായി നിയമിക്കപ്പെടുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത തനിക്കുമുണ്ടെന്നും കൂടാതെ ജോലിയുടെ സ്വഭാവും സമാനമാണെന്നും സർക്കാർ സർവീസിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന് 22200 - 48000 ശമ്പള സ്കെയിലുള്ളപ്പോൾ പാലിയേറ്റീവ് കെയറിൽ കമ്മ്യൂണിറ്റി നഴ്സായ തന്നെപ്പോലെയുള്ളവർക്ക് 15000/- രൂപ മാത്രം അനുവദിച്ചിട്ടുള്ളതെന്നും സർക്കാർ സർ വീസിലെ നഴ്സും പാലിയേറ്റീവ് കെയറിലെ കമ്മ്യൂണിറ്റി നഴ്സുമാരും ഒരേ തരം ജോലിയാണ് ചെയ്യുന്നതെങ്കിലും സർക്കാർ നഴ്സിന് ശമ്പള സ്കെയിൽ അനുവദിക്കുകയും പാലിയേറ്റീവ് നഴ്സുമാർക്ക് ഓണറേറിയമായി ഒരു നിശ്ചിത തുക മാത്രം അനുവദിക്കുന്നത് വിവേചനപരമാണെന്നും ആയതിനാൽ

സർക്കാർ നഴ്സമാരുമായി ശമ്പള തുല്യത അനുവദിക്കണമെന്നും എക്സിബിറ്റ് പി5 നിവേദനത്തിൽ പരാതിക്കാരി അഭ്യർത്ഥിച്ചു. ബഹു. ഹൈക്കോടതി ഉത്തരവിൻ പ്രകാരം പരാതിക്കാരിയെ നേരിൽ കേട്ടപ്പോഴും ടിയാൾ ഇക്കാര്യങ്ങൾ ആവർത്തിച്ചു.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണ് പാലിയേറ്റീവ് കെയർ നഴ്സമാർ. ടി ജീവനക്കാരുടെ ഹോണറേറിയം 15000/- രൂപയിൽ നിന്നും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കാണിച്ചാണ് ശ്രീമതി. സിനിമോൾ ബഹു.ഹൈക്കോടതി മുൻപാകെ WP(C) 20478/2020നമ്പർ ഹർജി ഫയർ ചെയ്തത്. എന്നാൽ പരാമർ ശം (4) ഉത്തരവ് പ്രകാരം പാലിയേറ്റീവ് കെയർ നഴ്സമാരുടെ പ്രതിമാസ ഹോണറേറിയം 18,030/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകൾ മുഖേനയോ സ്ഥാപനങ്ങൾ മുഖേനയോ ഒരു പദ്ധതി നടപ്പിലാക്കുമ്പോൾ പദ്ധതിയുടെ ഭാഗമായി കരാർ, ദിവസവേതന ജീവനക്കാരെ വ്യവസ്ഥകൾക്ക് വിധേയമായി നിയമിക്കുന്നതിനും അവർക്ക് അനുവദനീയമായ വേതനം നിശ്ചയിക്കുന്നതിനുമുള്ള അധികാരം സർക്കാരിനാണ്. വ്യത്യസ്ത പ്രോജക്ടുകളുടെ ഭാഗമായി നിയമിച്ചിട്ടുള്ള കരാർ ജീവനക്കാർക്ക് വേതനം തുല്യമായിരിക്കണമെന്ന് നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ നിലവിലില്ല. ഓരോ തസ്തികയ്ക്കും പ്രസ്തുത തസ്തികയുടെ ജോലി സ്വഭാവവും ജോലി സമയവും കണക്കിലെടുത്താണ് സർക്കാർ വേതനം നിശ്ചയിക്കുന്നത്. ഹർജ്ജിക്കാരി ആവശ്യപ്പെടുന്നതുപോലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന് നിശ്ചയിച്ചിട്ടുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പാലിയേറ്റീവ് കെയർ നഴ്സായ തനിക്കും വേതനം ലഭിക്കണമെന്ന ആവശ്യം പരിഗണനാർഹമെന്ന് കാണുന്നില്ലെന്ന് പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചു.

4 . സർക്കാർ ഇക്കാര്യം പരിശോധിച്ചു സംസ്ഥാന സർക്കാർ സർവീസിലുള്ള നഴ്സമാർ ഉൾ പ്പടെയുള്ള ജീവനക്കാർക്ക് ശമ്പള സ്കെയിൽ അനുവദിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കെയർ നഴ്സമാർ കരാർ ജീവനക്കാരാണ്. എന്നാൽ കരാർ ജീവനക്കാർക്ക് ഇപ്രകാരം ശമ്പള സ്കെയിൽ അനുവദിക്കാൻ സാധിക്കുകയില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കെയർ നഴ്സമാരുടെ നിയമനം ഉൾപ്പടെയുള്ള പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ വിശദമായ മാർഗരേഖ പരാമർ ശം ( 3 ) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകൾ മുഖേനയോ സ്ഥാപനങ്ങൾ മുഖേനയോ ഒരു പദ്ധതി നടപ്പിലാക്കുമ്പോൾ പദ്ധതിയുടെ ഭാഗമായി കരാർ, ദിവസവേതന ജീവനക്കാരെ വ്യവസ്ഥകൾക്ക് വിധേയമായി നിയമിക്കുകയും അവർക്ക് അനുവദനീയമായ വേതനം നിശ്ചയിക്കുകയും ചെയ്യുന്നു. വ്യത്യസ്ത പ്രോജക്ടുകളുടെ ഭാഗമായി നിയമിച്ചിട്ടുള്ള കരാർ ജീവനക്കാർക്ക് വേതനം തുല്യമായിരിക്കണമെന്ന് നിഷ്കർഷിക്കുവാൻ സാധിക്കുകയില്ല. കൂടാതെ പരാമർ ശം (4) ഉത്തരവ് പ്രകാരം പാലിയേറ്റീവ് കെയർ നഴ്സമാരുടെ പ്രതിമാസ ഹോണറേറിയം 18,030/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

5. മേൽ സാഹചര്യങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കെയർ നഴ്സമാർക്ക് സർക്കാർ ആശുപത്രികളിലെ നഴ്സമാരുമായി ശമ്പള തുല്യത അനുവദിക്കണമെന്ന എക്സിബിറ്റ് പി5 നിവേദനത്തിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. പരാമർശം (1) ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എ

ഡെപ്യൂട്ടിസെക്രട്ടറി

ശ്രീമതി. സിനിമോൾ. എ.റ്റി, W/O തങ്കച്ചൻ, തേജസ് ഹൗസ്, നേതാജി റോഡ്, ആലുവ, എറണാകുളം - 683 101

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ആരോഗ്യ വകുപ്പ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസസ്, ജനറൽ ഹോസ്പിറ്റൽ ജം. തിരുവനന്തപുരം.

പാലിയേറ്റീവ് കെയർ പ്രൊജക്ട് മാനേജ്മെന്റ് കമ്മിറ്റി, ആലുവ മുൻസിപ്പാലിറ്റി, ആലുവ -683101

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/138/2020-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Damyjell

സെക്ഷൻ ഓഫീസർ